ഉത്തരം

(എ) കേന്ദ്രസർക്കാർ 29.1.99-ന് റേഷൻ അരിയുടെ വില വർദ്ധിപ്പിച്ചതിനുശേഷമുള്ള മാസങ്ങളിൽ സംസ്ഥാനത്തെ അരിയുടെ മൊത്തം ഓഫ് ടേക്കിൽ താരതമ്യേന കുറവു വന്നിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) അരിയ്ക്ക് വില വർദ്ധിപ്പിച്ചത് കേന്ദ്രഗവൺമെന്റാണ്. റേഷനരിയുടെ വില കുത്തനെ വർദ്ധിപ്പിച്ചത് പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന നിയമസഭയും മന്ത്രിസഭയും പാസാക്കിയ പ്രമേയങ്ങൾ കേന്ദ്രസർക്കാരിന് അയച്ചുകൊടുത്തിട്ടുണ്ട്. എം.പി.മാർ മുഖേനയും മറ്റും ഇക്കാര്യത്തിൽ ശക്തമായ സമ്മർദ്ദം ചെലുത്തിവരികയാണ്.

111 (1471) കരുവാരക്കുണ്ട് പഞ്ചായത്തിൽ പുതിയ റേഷൻ കട

ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കരുവാരക്കുണ്ട് പഞ്ചായത്തിൽ പുത്തനഴി എന്ന പ്രദേശത്ത് പുതിയ റേഷൻകട അനുവദിക്കണമെന്നാവശ്യപ്പെട്ട് നാട്ടുകാരുടെ നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഈ പ്രദേശത്ത് നിലവിലുള്ള റേഷൻകടയിൽ ആയിരത്തിലധികം റേഷൻ കാർഡ് നിലവിലുണ്ട് എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവയെ രണ്ടായി വിഭജിച്ച് പുത്തനഴിയിൽ ഒരു റേഷൻകട അനുവദിക്കണമെന്ന് സ്ഥലം എം.എൽ.എ. മന്ത്രിക്ക് നൽകിയ അപേക്ഷയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഈ സ്ഥലത്തിന്റെ വിസ്തൃതിയും കാർഡുകളുടെ എണ്ണവും പരിഗണിച്ച് പുത്തനഴിയിൽ ഒരു പുതിയ റേഷൻകട അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിലുള്ള 136-ാം നമ്പർ റേഷൻ കടയിൽ 640 റേഷൻ കാർഡുകൾ ഉള്ളതായി മലപ്പുറം ജില്ലാകളക്ടർ അറിയിച്ചിട്ടുണ്ട്.

(സി)& (ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്. 136-ാം നമ്പർ റേഷൻകടയിൽ നിന്നും 240 കാർഡുകൾ മാത്രമേ പുതിയ കടയ്ക്കായി മാറ്റുവാൻ കഴിയുകയുള്ളു എന്ന് ജില്ലാകളക്ടർ അറിയിച്ചിട്ടുണ്ട്. പുതിയ കട അനുവദിക്കുമ്പോൾ 400 കാർഡെങ്കിലും വേണം എന്ന സർക്കാർ നിബന്ധനയുള്ളതിനാൽ നിലവിലുള്ള കട രണ്ടായി വിഭജിക്കുക ഇപ്പോൾ പ്രായോഗികമല്ല.

LIBRARY ARCHIVES Kerala Legislative Assembly